
# എറണാകുളം മിസ്സം
# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 | Issue No. 3 | March 2024 | Rs. 15/-

MAJOR ARCHEPARCHY OF ERNAKULAM-ANGAMALY







# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 67 Issue No. 3 March 2024 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. മാർപാപ്പയുടെ നോമ്പുകാല സന്ദേശം

12. ഇടയലേഖനം
    - മാർ റാഫേൽ തട്ടിൽ

21. കച്ചേരിക്കാര്യം

22. New Office bearers

24. വാർത്തകളും വിശേഷങ്ങളും

26. നിര്യാതരായി

27. വിശ്വാസപരിശീലന കേന്ദ്രം

31. ഫാമിലി അപ്പോസ്റ്റലേറ്റ്

32. AICO

33. നൈപുണ്യ ഇന്റർനാഷണൽ

35. ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്സ്

36. ബൈബിൾ അപ്പോസ്റ്റലേറ്റ്

37. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

39. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mampilly Joseph, N. Parur | 1886 | 1915 | 1-3-1935 |
| Fr. Thelakkat Xavier, East Cheranalloor | 1966 | 1993 | 1-3-2018 |
| Fr. Karedan Thomas, Muringoor | 1913 | 1937 | 6-3-1985 |
| Fr. Puduchery Thomas, Edad | 1926 | 1955 | 7-3-2008 |
| Fr. Kadavil Valiya Mathew, Pallipuram | 1884 | 1913 | 8-3-1964 |
| Fr. Elamkunnapuzha Paul, N. Parur | 1879 | 1905 | 8-3-1969 |
| Fr. Puthenkary John, Uzhuva | 1903 | 1933 | 9-3-1971 |
| Fr. Parayil Joseph, Vechoor | 1902 | 1929 | 10-3-1966 |
| Fr. Maniamkot Varghese, Chethikode | 1872 | 1897 | 12-3-1950 |
| Fr. Kavalakkatt Joseph, Kadukutty | 1869 | 1920 | 12-3-1955 |
| Fr. Kavalakkatt Antony, Annanad | 1940 | 1968 | 13-3-2017 |
| Fr. Thottappilly Joseph, Kaippattoor | 1931 | 1960 | 15-3-2012 |
| Fr. Pazhemadom Varghese, Vallakom | 1926 | 1954 | 16-3-2005 |
| Fr. Kottakal Joseph, Kavaraparambu | 1935 | 1961 | 16-3-2021 |
| Fr. Edangarpilly Jacob, Kumbalam | 1882 | 1911 | 22-3-1952 |
| Fr. Pulikalan Joseph, Cheranalloor | 1864 | 1889 | 23-3-1942 |
| Fr. Thazhathu John, Kothavara | 1891 | 1919 | 23-3-1983 |
| Mar Antony Cardinal Padiyara, Manimala | 1921 | 1945 | 23-3-2000 |
| Fr. Thenayan Thomas, Kanjoor | 1930 | 1959 | 24-3-2015 |
| Fr. Mampilly Kuriakose, Narakkal | 1951 | 1976 | 24-3-2017 |
| Fr. Parappuram Joseph, Amballoor | 1953 | 1978 | 27-3-2022 |
| Fr. Maniamkot John, Chethikode | 1880 | 1912 | 29-3-1945 |
| Fr. Vadapuram Joseph, Chalil | 1932 | 1962 | 29-3-1997 |
| Fr. Chiramel George, Manjapra | 1916 | 1947 | 30-3-2010 |
| Fr. Malamel Gheevarghese, South Parur | 1854 | | 31-3-1906 |
| Fr. Koikara Joseph, Puthenpally | 1889 | 1915 | 31-3-1950 |



# നോമ്പുകാല സന്ദേശം

### ഫ്രാൻസിസ് മാർപാപ്പ

**മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു**

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ, അവിടത്തെ സന്ദേശം എപ്പോഴും സ്വാതന്ത്ര്യത്തിന്റേതാണ്: 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്' (പുറ 20:2). സീനായ് മലയിൽവച്ച് മോശയ്ക്ക് നൽകപ്പെട്ട പത്ത് പ്രമാണങ്ങളിലെ ആദ്യ വാക്കുകളാണ് ഇവ. ഈ വാക്കുകൾ കേട്ടവർക്ക് ദൈവം സൂചിപ്പിച്ച പുറപ്പാട് വളരെ സുപരിചിതമായിരുന്നു: അടിമത്തത്തിന്റെ അനുഭവം അവരുടെ ചുമലുകളിൽ നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. എന്നാൽ മരുഭൂമിയിൽ അവർക്ക് ലഭിച്ച 'പത്ത് വചനങ്ങൾ' (Ten Words) സ്വാതന്ത്ര്യത്തിന്റെ രാജവീഥിയായിരുന്നു. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്താൻ ഉപയോഗിച്ച സ്നേഹത്തിന്റെ ശക്തിക്ക് ഊന്നൽ കൊടുക്കാനായി, നാം അവയെ 'കൽപ്പനകൾ' എന്ന് വിളിക്കുന്നു. സ്വാതന്ത്ര്യത്തിലേക്കുള്ള വിളി നിഷ്കർഷയുള്ള ഒന്നാണ്. അതിനു പെട്ടെന്നങ്ങ് ഉത്തരം നൽകാൻ

സാധിക്കില്ല; ഒരു സഞ്ചാരത്തിന്റെ പാതയിൽ പക്വമാക്കപ്പെടേണ്ട ഒന്നാണത്. ഗതകാലത്തിനായി വീണ്ടും കാംക്ഷിക്കുകയും കർത്താവിനും മോശയ്ക്കും എതിരായി പിറുപിറുക്കുകയും ചെയ്യുക വഴിയായി മരുഭൂമിയിൽവച്ച് വീണ്ടും ഈജിപ്തിനോട് ഒട്ടിച്ചേരാൻ താത്പര്യപ്പെട്ട ഇസ്രായേൽകാരെപ്പോലെ ഇന്നും ദൈവത്തിന്റെ ജനം ദുസഹമായ ബന്ധനത്തിൽ നിന്ന് മോചിതരാകാൻ ആവശ്യപ്പെടുമ്പോൾ അതിൽ തന്നെ അള്ളിപ്പിടിച്ചിരിക്കുന്നത് കാണാനാകും. ഇക്കാര്യം വളരെ വലിയ സത്യമാണെന്ന് നാം മനസ്സിലാക്കുന്നത് ഇനി ഒട്ടും പ്രത്യാശക്ക് വകയില്ല എന്ന് നമുക്കു തോന്നുന്ന വേളകളിലാണ്; അപ്പോൾ നാം മരുഭൂമിയിൽ എന്നപോലെ ആയിരിക്കുകയും ജീവിതത്തിൽ മുന്നോട്ടു പോകാനായി ഒരു വാഗ്ദത്ത ഭൂമി നമ്മുടെ ലക്ഷ്യമായി കാണാതിരിക്കുകയും ചെയ്യും. നോമ്പുകാലം കൃപയുടെ അവസരമാണ്; അങ്ങനെയെങ്കിൽ വീണ്ടുമൊരിക്കൽകൂടി, ഹോസിയാ പ്രവാചകൻ പറയുന്നതുപോലെ (ഹോസി 2:16-17 കാണുക), മരുഭൂമി ആദ്യാനുരാഗത്തിന്റെ വേദിയായി ഭവിക്കും. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്തുന്നു; നമ്മുടെ അടിമത്തം അവസാനിപ്പിക്കാൻ അവിടന്ന് നമ്മെ പ്രാപ്തരാക്കുന്നു; അങ്ങനെ നാം മരണത്തിൽനിന്നു ജീവനിലേക്ക് പ്രവേശിക്കുന്ന അനുഭവമുള്ളവരായി ഭവിക്കും. ഒരു മണവാളൻ എന്നവണ്ണം കർത്താവ് ഒരിക്കൽകൂടി, നമ്മുടെ ഹൃദയത്തോടു സ്നേഹത്തിന്റെ മന്ത്രണങ്ങൾ ചൊല്ലിത്തന്നുകൊണ്ട്, നമ്മെ അവിടത്തോട് ചേർത്തുപിടിക്കും.

അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള പാത രൂപഭാവം ഇല്ലാത്ത ഒന്നല്ല. നമ്മുടെ നോമ്പാചരണം പ്രകടമായ ഒന്നായിത്തീരണമെങ്കിൽ ആദ്യപടിയായി വേണ്ടത് യാഥാർഥ്യത്തിലേക്ക് നമ്മുടെ കണ്ണു തുറക്കാനുള്ള ആഗ്രഹമാണ്. മുൾപ്പടർപ്പിൽനിന്നുകൊണ്ട് മോശയെ വിളിച്ച ദൈവം, താൻ കാണുകയും ഏറെ പ്രത്യേകിച്ച് കേൾക്കുകയും ചെയ്യുന്ന ദൈവമാണെന്ന് ഉടൻതന്നെ സ്വയം വെളിപ്പെടുത്തുകയായിരുന്നു: 'ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നു വരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപതുകാരുടെ കൈയിൽനിന്ന് അവരെ മോചിപ്പിക്കാനും അവിടെ നിന്ന് ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേക്ക് അവരെ നയിക്കാനും ആണ് ഞാൻ ഇറങ്ങി വന്നിരിക്കുന്നത്' (പുറ 3:7-8). ഇന്നും മർദിതരായ നമ്മുടെ അനേകം സഹോദരീസഹോദരന്മാരുടെ രോദനം സ്വർഗത്തിലേക്ക് ഉയരുന്നുണ്ട്. നമുക്ക്

സ്വയം ചോദിക്കാം: ആ സ്വരം നമ്മൾ കേൾക്കുന്നുണ്ടോ? അതു നമ്മെ അലോസരപ്പെടുത്തുന്നുണ്ടോ? അതു നമ്മെ ചലിപ്പിക്കുന്നുണ്ടോ? യഥാർ ഥത്തിൽ ഒരുപാട് കാര്യങ്ങൾ അപരരിൽനിന്ന് നമ്മെ മാറ്റിനിർത്തുന്നു; ആരംഭം മുതൽ നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യത്തിന്റെ ഭാവം നിഷേധിക്കുന്ന രീതിയാണിത്.

നിസ്സംഗതയുടെ ആഗോളവൽകരണത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഞാൻ നടത്തിയ ലാംപെദൂസ സന്ദർശനത്തിൽ ഞാൻ രണ്ടു ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അവയുടെ പ്രസക്തി ഇന്ന് കൂടുതൽ വ്യക്തമാണ്: 'നീ എവിടെയാണ്?' (ഉത്പ 3:9); 'നിന്റെ സഹോദരൻ എവിടെ?' (ഉത്പ 4:9). ഈ ചോദ്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട്, ഇന്നും നാം ഫറവോയുടെ ഭരണത്തിൻകീഴിലാണ് എന്ന് മനസ്സിലാക്കിയാൽ നമ്മുടെ നോമ്പുകാല സഞ്ചാരം അർഥവത്തായി ഭവിക്കും. ഫറവോയുടെ ഭരണം നമ്മെ ക്ഷീണിതരും നിസ്സംഗരും ആക്കിത്തീർക്കുന്ന ഒന്നാണ്. അത് ഒരുതരം വിഭജനം സൃഷ്ടിക്കുന്നതും നമ്മുടെ ഭാവിയെ ഇല്ലാ താക്കുന്നതുമായ വളർച്ചയുടെ മാതൃകയാണ്. ഭൂമിയും വായുവും ജലവും മലിനമാക്കപ്പെടുന്നു; അതോടൊപ്പം, നമ്മുടെതന്നെ ആത്മാക്കളും. ജ്ഞാനസ്നാനത്തിൽ നമ്മുടെ മോചനപ്രക്രിയ ആരംഭിച്ചു എന്നതു ശരിതന്നെ; എന്നാൽ അടിമത്തത്തെ പ്രാപിക്കാനായുള്ള വിശദീ കരിക്കാനാവാത്ത ഒരു തൃഷ്ണ നമ്മിൽ കുടികൊള്ളുന്നു. സുപരി ചിതങ്ങളായ സാഹചര്യങ്ങൾ നൽകുന്ന സുരക്ഷിതത്വത്തിലേക്കുള്ള ഒരു ആകർഷണമാണത്; അത് നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒന്നാണ്.

പുറപ്പാടിന്റെ വിവരണത്തിൽ ശ്രദ്ധേയമായ ഒരു വിശദാംശമുണ്ട്. അതായത്, ദൈവമാണ് കാണുന്നത്; ദൈവമാണ് ചലിപ്പിക്കപ്പെടുന്നതും സ്വാതന്ത്ര്യം കരഗതമാക്കുന്നതും; ഇസ്രായേൽ അതിനായി ആവശ്യ പ്പെടുന്നില്ല. ഫറവോ സ്വപ്നങ്ങളെ അമർച്ചചെയ്യുന്നു; അയാൾ സ്വർഗ ത്തിലേക്കുള്ള കാഴ്ച മറയ്ക്കുന്നു. മാനുഷിക മഹത്ത്വം ചവിട്ടിമെതിക്ക പ്പെടുകയും അർഥവത്തായിട്ടുള്ള ബന്ധങ്ങൾ നിരാകരിക്കപ്പെടുകയും ചെയ്യുന്ന ഈ ലോകം ഒരിക്കലും മാറ്റപ്പെടാൻ ആകില്ല എന്നയാൾ ചൂണ്ടിക്കാണിക്കുന്നു. എല്ലാറ്റിനെയും അയാൾ തന്റെ അടിമത്തത്തിന്റെ കീഴിലാക്കുന്നു. നമുക്ക് ആത്മഗതം ചെയ്യാം: ഞാനൊരു പുതിയ ലോകത്തിനായി ആഗ്രഹിക്കുന്നുണ്ടോ? പഴയ ലോകവുമായുള്ള ഒത്തുതീർപ്പുകൾ ഒഴിവാക്കാൻ ഞാൻ തയ്യാറാണോ?

എന്റെ അനേകം സഹോദരമെത്രാന്മാരുടെയും സമാധാനത്തിനും നീതിക്കുംവേണ്ടി പ്രവർത്തിക്കുന്ന മറ്റനേകം പേരുടെയും സാക്ഷ്യം വഴിയായി എനിക്കൊരു കാര്യം ബോധ്യമായി. അതായത്, നമ്മുടെ സ്വപ്നങ്ങളും സ്വർഗത്തിൽ എത്തി ദൈവത്തിന്റെ ഹൃദയത്തെ ത്രസിപ്പിക്കാൻ പര്യാപ്തമായ നമ്മുടെ നിശബ്ദരോദനങ്ങളും അമർച്ച ചെയ്യുന്ന 'പ്രത്യാശയിലുള്ള അഭാവം' നികത്താനായി നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു. 'പ്രത്യാശയുടെ ഈ അഭാവം' ഇസ്രായേലിനെ മരുഭൂമിയിൽവച്ച് തളർത്തുകയും മുന്നോട്ടു ഗമിക്കുന്നതിനു വിഘാതമായി നിൽക്കുകയും ചെയ്ത അടിമത്തത്തിനായുള്ള ഗൃഹാതുരത്വത്തിനു സമമല്ലാത്ത ഒന്നല്ല. ഒരു പുറപ്പാട് തടസ്സപ്പെടാം; അങ്ങനെയല്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഇന്നത്തെ ചില യാഥാർഥ്യങ്ങൾ വ്യാഖ്യാനിക്കപ്പെടാൻ സാധിക്കുന്നത്? അതായത്, മനുഷ്യരാശി വിശ്വസാഹോദര്യത്തിന്റെ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു, എല്ലാവരുടെയും മഹാത്മ്യം ഉറപ്പാക്കാൻ തക്കവിധമുള്ള ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവും നൈയാമികവുമായ വികാസം നാം സിദ്ധിച്ചു കഴിഞ്ഞു; എന്നിട്ടും നാം അസമത്വത്തിന്റെയും സംഘട്ടനത്തിന്റെയും ഇരുട്ടിൽ തപ്പുകയാണ്.

ദൈവം നമ്മെക്കുറിച്ച് നിരുത്സാഹിതനാകുന്നില്ല. 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്' (പുറ 20:2) എന്നത് നമ്മെ ഓർമ്മപ്പെടുത്തുന്ന, ഒരു മഹത്തായ കാലമായി നോമ്പുകാലത്തെ നമുക്ക് സ്വാഗതം ചെയ്യാം. നോമ്പുകാലം ***മാനസാന്തരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും*** കാലമാണ്. എല്ലാവർഷവും നോമ്പുകാലത്തിലെ ഒന്നാം ഞായറാഴ്ച നാം അനുസ്മരിക്കുന്നതുപോലെ യേശുതന്നെയും സ്വാതന്ത്ര്യത്തിൽ പരീക്ഷിക്കപ്പെടേണ്ടതിന് ആത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു. മനുഷ്യാവതാരംചെയ്ത പുത്രൻ നമ്മുടെ മുമ്പിലും നമ്മോടുകൂടെയും നാല്പത് ദിവസം നിൽക്കും. ഫറവോയിൽനിന്ന് വ്യത്യസ്തൻ എന്നവിധം ദൈവത്തിന് *പ്രജകളെ* ആവശ്യമില്ല, മറിച്ച് *പുത്രീപുത്രന്മാരെയാണ്* വേണ്ടത്. നമ്മുടെ സ്വാതന്ത്ര്യം പാകപ്പെടുന്ന ഒരിടമാണ് മരുഭൂമി; അവിടെയാണ് അടിമത്തത്തിലേക്ക് തിരിഞ്ഞു വീഴാതിരിക്കാനുള്ള വ്യക്തിപരമായ തീരുമാനം നാം കൈക്കൊള്ളുന്നത്. നോമ്പുകാലത്ത് നീതിയുടെ പുതിയ മാനദണ്ഡങ്ങളെയും ഇന്നുവരെ സഞ്ചരിക്കാത്ത പുതിയൊരു പാതയിലൂടെ മുന്നോട്ടുപോകാൻ തയ്യാറായി നിൽക്കുന്ന ഒരു ജനസമൂഹത്തെയുമാണ് നാം കണ്ടെത്തുന്നത്.

എന്നാൽ ഇത്, പുറപ്പാടിന്റെ പുസ്തകവും യേശുവിന്റെ മരുഭൂമിയിലെ പരീക്ഷണങ്ങളും നമുക്ക് വ്യക്തമാക്കുന്നതുപോലെ, ഒരു ബല പരീക്ഷണം ഉൾക്കൊള്ളുന്നതാണ്. 'നീ എന്റെ പ്രിയപുത്രൻ ആകുന്നു' (മർക്കോ 1:11) എന്നും "ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത്' (പുറ 20:3) എന്നുമുള്ള ദൈവത്തിന്റെ സ്വരം ശത്രുവിനാലും അസത്യങ്ങളാലും ഖണ്ഡിക്കപ്പെടുന്നു. നാം നമുക്കായി ഒരുക്കുന്ന വിഗ്രഹങ്ങളെയാണ് യഥാർഥത്തിൽ ഫറവോയെക്കാൾ കൂടുതൽ നാം ഭയപ്പെടേണ്ടത്; നമ്മുടെ ഉള്ളിലിരുന്ന് മന്ത്രിക്കുന്ന അവന്റെ സ്വരമായി നാം അവയെ കണക്കാക്കുന്നു. സർവശക്തരായിരിക്കാനും എല്ലാവരാലും പരിഗണിക്കപ്പെടാനും എല്ലാവരുടെയുംമേൽ ആധിപത്യം പുലർത്താനും നാം ആഗ്രഹിക്കുന്നു; അപ്രകാരമുള്ള ഒരു അസത്യം എത്രമാത്രം പ്രലോഭനജനകമാണെന്ന് ഓരോ വ്യക്തിക്കും അറിയാം. എന്നാൽ, അത് കൂടുതൽ സഞ്ചരിക്കപ്പെടുന്ന പാതയാണ്. ധനത്തോടും ചില പ്രത്യേക പദ്ധതികളോടും ചില ആശയങ്ങളോടും ലക്ഷ്യങ്ങളോടും സ്ഥാനമാനങ്ങളോടും പാരമ്പര്യങ്ങളോടും, എന്നല്ല ചില വ്യക്തികളോടും നാം ഒട്ടിച്ചേർന്നിരിക്കാൻ സാധ്യതയുണ്ട്. മുന്നോട്ടു ഗമിക്കാൻ സഹായിക്കുന്നതിനുപകരം അവ നമ്മെ തളർത്തിക്കളയുന്നു. കണ്ടുമുട്ടലിനു പകരം ഏറ്റുമുട്ടലിലേക്ക് അവ നമ്മെ നയിക്കുന്നു. എന്നിരുന്നാലും, ഒരു പുതിയ മാനവരാശിയുമുണ്ട്; ചെറിയവരുടെയും വിനീതരുടെയും ഒരു ഗണമാണത്; അസത്യത്തിന്റെ ആകർഷണത്തിനു വഴങ്ങാത്തവരാണ് അവർ. വിഗ്രഹങ്ങളെ ശുശ്രൂഷിക്കുന്നവർ അവയെപ്പോലെതന്നെ മൂകരും അന്ധരും ബധിരരും ചലനമറ്റവരും ആയിത്തീരുമെങ്കിൽ (സങ്കീ 114:4 കാണുക) ആത്മാവിൽ ദരിദ്രർ തുറവുള്ളവരും തയ്യാറുള്ളവരുമാണ്, അതായത്, സുഖപ്പെടുത്തുകയും ലോകത്തെ നിലനിറുത്തുകയും ചെയ്യുന്ന നന്മയുടെ ഒരു നിശബ്ദ ശക്തി.

ഇത് പ്രവർത്തിക്കാനുള്ള സമയമാണ്, എന്നാൽ നോമ്പുകാലത്ത് *പ്രവർത്തിക്കുക* എന്ന് പറഞ്ഞാൽ *അല്പം നിറുത്തുക* (to pause) എന്നർഥമുണ്ട്. അതായത്, *പ്രാർഥനയ്ക്കായി* ഇടവേള എടുക്കുക; അങ്ങനെ ദൈവവചനം സ്വീകരിക്കാനും പരിക്കേറ്റ ഒരു സഹോദരന്റേയോ സഹോദരിയുടെയോ കൂടെ അല്പനേരം നില്ക്കാനും സമയം കണ്ടെത്തുക. ദൈവസ്നേഹവും അയൽക്കാരോടുള്ള സ്നേഹവും ഒരേ സ്നേഹംതന്നെയാണ്. അന്യദേവന്മാർ ഉണ്ടായിരിക്കാൻ പാടില്ല എന്നു പറയുന്നത്, സഹോദരന്റെ ശരീരത്തിന്റെ സവിധേ, ദൈവത്തിന്റെ സാന്നിധ്യത്തിൽ നില്ക്കുക എന്നത്രേ. അക്കാരണത്താൽ പ്രാർഥന, ദാനധർമ്മം, ഉപവാസം എന്നിവ പരസ്പരബന്ധമില്ലാത്ത പ്രവൃത്തികൾ

അല്ല. നമ്മെ ഭാരത്താൽ വലിക്കുന്ന വിഗ്രഹങ്ങളിൽനിന്നും നമ്മെ ബന്ധങ്ങളാൽ തടവറയിൽ ആക്കുന്ന പ്രവൃത്തികളിൽനിന്നും മോചിപ്പിച്ച് തുറവിന്റെയും സ്വയം ശൂന്യവൽകരണത്തിന്റേതുമായ പാതയിൽ കൊണ്ടെത്തിക്കുന്ന ഏകചലനമാണ് അവ. അപ്പോൾ നമ്മുടെ ശോഷിച്ചതും ഒറ്റപ്പെട്ടതുമായ ഹൃദയം വീണ്ടും ബലപ്പെടുത്തപ്പെടും. മന്ദഗതിയിലാകുക, തുടർന്ന് നിലയ്ക്കുക! ജീവിതത്തിന്റെ ധ്യാനാത്മകഭാവം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കുന്ന നോമ്പുകാലം നമുക്ക് പുതിയ ഊർജം പകരും. ദൈവികസാന്നിധ്യത്തിൽ, അപരനെക്കുറിച്ചുള്ള സംവേദനക്ഷമതയിൽ നാം കൂടുതൽ കൂടുതൽ സഹോദരീസഹോദരന്മാരായി ഭവിക്കും; ഭീഷണികളുടെയും ശത്രുക്കളുടെയും സ്ഥാനത്ത് നാം സഹകാരികളെയും സഹയാത്രികരെയും കണ്ടെത്തും. ഇതാണ് ദൈവത്തിന്റെ സ്വപ്നം, അതായത്, നമ്മുടെ അടിമത്തം പിന്നിലാക്കിക്കൊണ്ട് വാഗ്ദത്ത ഭൂമിയിലേക്കുള്ള നമ്മുടെ തീർത്ഥാടനം.

ഈ വർഷങ്ങളിൽ നാം വീണ്ടും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന 'സഭയുടെ സിനഡാത്മകരൂപം' നോമ്പുകാലത്തെ നോക്കികാണുന്നത് സാമൂഹ്യമായ തീരുമാനങ്ങളുടെ അവസരമായാണ്, അതായത് ചെറുതും വലുതും ആയതും നിലവിലുള്ളവയ്ക്ക് വിരുദ്ധമായതുമായ തീരുമാനങ്ങൾ എടുക്കുന്നകാലം. വ്യക്തികളുടെയും മുഴുവൻ ജനസമൂഹങ്ങളുടെയും ജീവിതങ്ങളെയും ദൈനംദിനം ഉള്ള വ്യവഹാരങ്ങളെയും വ്യത്യസ്തപ്പെടുത്താനുള്ള തീരുമാനങ്ങൾ, അതായത്, വസ്തുക്കൾ സ്വന്തമാക്കാനുള്ള മാർഗങ്ങൾ, സൃഷ്ടിയെക്കുറിച്ചുള്ള കരുതൽ, പരിസ്ഥിതി സംരക്ഷണം, കാണപ്പെടാത്തവരും നിരാകരിക്കപ്പെട്ടവരും ആയവരെയും ഉൾക്കൊള്ളാനുള്ള തീരുമാനങ്ങൾ എന്നിവ. അതിനാൽ, താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാനായി ഞാൻ ഓരോ ക്രൈസ്തവ സമൂഹത്തെയും ക്ഷണിക്കുന്നു: തങ്ങളുടെ ജീവിതശൈലിയെക്കുറിച്ച് പുനർവിചിന്തനം നടത്താനായി അതിന്റെ അംഗങ്ങൾക്ക് സമയം ഒരുക്കി നൽകുക; സമൂഹത്തിൽ തങ്ങളുടെ സാന്നിധ്യത്തെക്കുറിച്ച് പുനർവിചിന്തനം ചെയ്യാൻ അവസരം ഒരുക്കുക; തങ്ങളുടെ ജീവിതംവഴി സമൂഹത്തിന്റെ ഉന്നമനത്തിനായി സംഭാവന നൽകുക എന്നിവ. യേശുവിനെ നിരാശനാക്കിയ തരത്തിലുള്ള പശ്ചാത്താപമാണ് നമ്മുടെ ക്രൈസ്തവമായ പശ്ചാത്താപമെങ്കിൽ അപ്രകാരമുള്ളത് ശാപഗ്രസ്തം ആയിരിക്കും. കാരണം, നമ്മോട് യേശു പറയുന്നു,"നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു' (മത്താ 6:16). അതിനു

പകരം, മറ്റുള്ളവർ നമ്മുടെ സന്തോഷഭരിതമായ മുഖങ്ങൾ കാണട്ടെ. അങ്ങനെ അവർക്ക് സ്വാതന്ത്ര്യത്തിന്റെ സൗരഭ്യവും സ്നേഹത്തിന്റെ അനുഭവവും ലഭ്യമാകട്ടെ. പ്രസ്തുത സ്നേഹം ഏറ്റവും ചെറുതിൽ നിന്നൂ തുടങ്ങി നമ്മുടെ ഏറ്റവും അടുത്തുള്ളതുവരെയുള്ള എല്ലാ കാര്യങ്ങളും നവമാക്കുന്ന ഒന്നാണ്. ഇത് നമ്മുടെ ഓരോ ക്രൈസ്തവ സമൂഹത്തിലും നടക്കാവുന്ന ഒരു കാര്യമാണ്.

നോമ്പുകാലം മാനസാന്തരത്തിന്റെ അവസരമായി മാറുകയാണെങ്കിൽ, ഉൽക്കണ്ഠാഭരിതമായ മനുഷ്യ സമൂഹം സർഗാത്മകതയുടെ ഒരു പ്രസരണവും പ്രത്യാശയുടെ ഒരു കിരണവും ദർശിക്കും. കഴിഞ്ഞ വേനൽ കാലത്ത് ലിസ്ബണിൽവച്ച് യുവാക്കളോടൂ ഞാൻ പറഞ്ഞത് ആവർത്തിക്കട്ടെ: 'അന്വേഷിക്കുന്നത് തുടർന്നുകൊണ്ടിരിക്കുവിൻ, സാഹസങ്ങൾ ചെയ്യാൻ തയ്യാറായിരിക്കുവിൻ'. ഇക്കാലസന്ധിയിൽ നാം വളരെയേറെ പ്രതിസന്ധികളാണ് നേരിടുന്നത്; അനേകം ജനതകളുടെ ദീനരോദനം നാം കേൾക്കുന്നു. യഥാർഥത്തിൽ കഷണം കഷണമായി നാം ഒരു മൂന്നാം ലോകമഹായുദ്ധമാണ് അനുഭവിക്കുന്നത്. എന്നിരുന്നാലും, ലോകത്തെ നോക്കികാണാനുള്ള ധൈര്യം നമുക്ക് സംഭരിക്കാം: മരണവേദനയിൽ ആയിരിക്കുന്ന ലോകത്തെയല്ല, മറിച്ച് ജന്മംനൽകുന്നതിൽ ആയിരിക്കുന്നതിനെ; മഹത്തായ ചരിത്രത്തിന്റെ അവസാനത്തിലായിരിക്കുന്നതിനെയല്ല, പുതിയതിന്റെ ആരംഭത്തിൽ ആയിരിക്കുന്ന ഒരു ലോകത്തെ. ഇപ്രകാരം ചിന്തിക്കാൻ നമുക്ക് ധൈര്യം വേണം' (2023 ആഗസ്റ്റ് 3-ാം തീയതി സർവകലാശാലാവിദ്യാർഥികൾക്ക് നൽകിയ സന്ദേശം). ഇതാണ് മാനസാന്തരത്തിന്റെ ധൈര്യം, അടിമത്തത്തിൽ നിന്നൂ പുറത്തുവന്ന് ജന്മംഎടുത്ത മനസാന്തരത്തിന്റെ ധൈര്യം. എന്തെന്നാൽ, പ്രത്യാശ എന്ന ചെറിയ ശിശുവിന്റെ കരങ്ങളിൽ വിശ്വാസവും സ്നേഹവും പിടിക്കുന്നു. അവർ അവളെ നടക്കാൻ പഠിപ്പിക്കുന്നു; അതേസമയം, അവൾ അവരെ മുന്നോട്ടു നയിക്കുന്നു [1].

ഞാൻ നിങ്ങളെ എല്ലാവരെയും നിങ്ങളുടെ നോമ്പുകാല പാതയെയും ആശിർവദിക്കുന്നു

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് ആഗമനകാലത്തിലെ ഒന്നാം ഞായറാഴ്ച, 2023 ഡിസംബർ മൂന്നാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

Prot. No. 0205/2024

# ഇടയലേഖനം

സീറോമലബാർസഭയുടെ
**മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി ചുമതലയേറ്റതിനുശേഷം ഒരു ഇടയലേഖനത്തിലൂടെ ഞാൻ ആദ്യമായി നിങ്ങളെ അഭിസംബോധനചെയ്യുകയാണ്. സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ജനുവരി 8 മുതൽ 10 വരെ നടന്ന മുപ്പത്തിരണ്ടാമതു സിനഡിന്റെ ഒന്നാം സമ്മേളനം സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി എന്നെ തെരഞ്ഞെടുക്കുകയും പ്രസ്തുത തെരഞ്ഞെടുപ്പ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരിക്കുകയും ചെയ്തു. ജനുവരി പതിനൊന്നാം തീയതി മേജർ ആർച്ചുബിഷപ്പിന്റെ ചുമതല ഞാൻ ഏറ്റെടുത്തു. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിനായി ആത്മാർഥമായി പ്രാർഥിച്ച സഭമുഴുവനോടും ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു. സഭയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ സിനഡു വിളിച്ചുകൂട്ടുകയും മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ദൈവാനുഗ്രഹപ്രദമായും സൂക്ഷ്മതയോടെയും കൃത്യതയോടെയും ക്രമീകരിക്കുകയും ചെയ്ത കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിനും ഏറ്റം ഹൃദ്യമായി നന്ദിപറയുന്നു.

സീറോമലബാർസഭയുടെ ചരിത്രം ദൈവികഇടപെടലുകളുടെ അത്ഭുത വിവരണമാണ്. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ രൂപമെടുത്ത ഈ ക്രൈസ്തവസമൂഹത്തിനു നൂറ്റാണ്ടുകൾനീണ്ട സങ്കീർണവും വേദനാജനകവുമായ അനുഭവങ്ങളിലൂടെയാണ് കടന്നു

പോകേണ്ടിവന്നത്. കത്തോലിക്കാകൂട്ടായ്മയിൽനിന്നു വിഘടിച്ചു പോകാനുള്ള പ്രലോഭനങ്ങളെ അതിജീവിച്ച ഈ സഭാസമൂഹം സ്വന്തം അസ്തിത്വം രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നിരന്തരം തുടർന്നുകൊണ്ടേയിരുന്നു. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായെങ്കിലും 1992-ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതോടെയാണു സീറോമലബാർ സഭയിൽ കാനോനികമായ സംവിധാനങ്ങൾ പൂർണമായും രൂപപ്പെട്ടത്. നമ്മുടെ സഭയെ കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിൽ വഴിനടത്തിയ ദൈവപരിപാലനയ്ക്കു നന്ദിപറയാം. സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെയും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രാഹം കാട്ടുമന പിതാവിനെയും രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിനെയും ഈ അവസരത്തിൽ ആദരവോടും കൃതജ്ഞതയോടുംകൂടെ അനുസ്മരിക്കുന്നു.

സഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ശുശ്രൂഷകൾ സമാനതകളില്ലാത്തതാണ്. ജീവിതലാളിത്യവും നലംതികഞ്ഞ സഭാസ്നേഹവും സുവിശേഷത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും വിശ്രമരഹിതമായ അധ്വാനവും വ്രതമാക്കിയ ജീവിതമാണ് പിതാവിന്റേത്. ഭാരതം മുഴുവനും ഭരണാധികാരമുള്ള സഭയായി സീറോ മലബാർസഭയെ വളർത്തുകയും ഭാരതത്തിനു പുറത്തു മെൽബൺ, മിസ്സിസാഗാ, ഗ്രേറ്റ് ബ്രിട്ടൺ രൂപതകളുടെയും യൂറോപ്പിലെ അപ്പസ്തോലിക്ക് വിസിറ്റേഷന്റെയും സ്ഥാപനത്തിലൂടെ നമ്മുടെ സഭയ്ക്ക് ആഗോളമാനം നല്കുകയും ചെയ്തത് അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ ക്രാന്തദർശനമാണ്. ആരാധനക്രമനവീകരണം എന്നും സങ്കീർണമായിരുന്ന നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണവും യാമപ്രാർഥനകളുടെയും നവീകരണവും ഏറ്റെടുത്തു ലക്ഷ്യത്തിലെത്തിച്ചത് അഭിവന്ദ്യപിതാവിന്റെ നിശ്ചയദാർഢ്യവും നേതൃത്വപാടവവുമാണ്. വന്ദ്യ പിതാവു സഭയ്ക്കുവേണ്ടിചെയ്ത ത്യാഗപൂർണമായ സമർപ്പണത്തിനു നമുക്കു പിതാവിനോടു നന്ദിപറയാം.

പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ എന്റെ തെരഞ്ഞെടുപ്പിനു സ്ഥിരീകരണം നല്കിക്കൊണ്ട് എഴുതിയ കത്തിൽ സമൂഹത്തിലെ പാവങ്ങൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും തണലാകണമെന്ന പ്രത്യേക

നിർദേശം നല്കിയിട്ടുണ്ട്. ഭക്ഷണവും വെള്ളവും വസ്ത്രവും കിടപ്പാടവും സ്വന്തമായ ഭൂമിയും സ്വാതന്ത്ര്യവുമില്ലാത്തവരോടാണ് ഈശോ തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയത് (മത്താ. 25: 35-36). "പാവങ്ങളുടെ സഭ" എന്ന ഫ്രാൻസിസ് പാപ്പായുടെ സഭാദർശനം ജീവിക്കാൻ നാം ശ്രദ്ധിക്കണം. ധൂർത്തും ആഡംബരവും പ്രദർശനപരതയും സുവിശേഷവിരുദ്ധമായ പാപങ്ങളാണ്. ഈശോ തന്റെ സഭയെക്കുറിച്ചു കണ്ട ലാളിത്യത്തിന്റെ സ്വപ്നം സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും പ്രതിഫലിക്കണം. നമ്മുടെ നിർമാണപ്രവൃത്തികളിലും തിരുനാൾ, വിവാഹം, തിരുപ്പട്ടം തുടങ്ങിയ ആഘോഷങ്ങളിലും സുവിശേഷത്തിന്റെ ലാളിത്യമായിരിക്കണം നമുക്കു മാർഗദീപം. പാവപ്പെട്ടവർക്കു പ്രാപ്യമല്ലാത്ത സ്ഥാപനങ്ങളൊന്നും സഭയുടെ സ്ഥാപനങ്ങളായി അറിയപ്പെടാൻ അവകാശമില്ലാത്തവയാണ്.

ഭാരതത്തിലും കേരളത്തിലും ക്രൈസ്തവസമൂഹം നേരിടുന്ന വിവേചനങ്ങളെക്കുറിച്ചു നാം കരുതലുള്ളവരാകണം. ഒരു ന്യൂനപക്ഷമെന്ന നിലയിൽ ഈ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പിനും ആവശ്യമായതും ഭരണഘടന ഉറപ്പുനല്കുന്നതുമായ എല്ലാ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാനും അവയെ പരിരക്ഷിക്കാനും നമുക്കു സാധിക്കണം. കർഷകർ, അസംഘടിതരായ തൊഴിലാളികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ ഇന്ന് എല്ലാ മേഖലകളിലും തഴയപ്പെട്ടുകൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നു മലയോരമേഖലയിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കുന്നതിൽ ഭരണസംവിധാനങ്ങൾ പരാജയപ്പെടുമ്പോൾ നമുക്കു നഷ്ടമാകുന്നതു മനുഷ്യജീവിതങ്ങളും അവരുടെ ഒരായുസിന്റെ അധ്വാനവുമാണ്. ഇവിടെയെല്ലാം ജനാധിപത്യപരമായ സംഘടിതമുന്നേറ്റങ്ങൾ ആവശ്യമാണ്.

ക്രൈസ്തവർ എക്കാലവും മതസൗഹാർദത്തിന്റെ വക്താക്കളാണെന്ന സത്യം നാം മറക്കരുത്. ഈശോയിലൂടെ കൈവന്ന രക്ഷ സകല മനുഷ്യർക്കുംവേണ്ടിയുള്ളതാണെന്ന സാർവത്രിക സാഹോദര്യത്തിലാണു നാം വിശ്വസിക്കുന്നത്. അതിനാൽ വർഗീയതയ്ക്കോ വിഭാഗീയതയ്ക്കോ ക്രിസ്തീയജീവിതത്തിൽ പ്രസക്തിയില്ല. എല്ലാ മതങ്ങളും സഹോദരനിർവിശേഷമായ സ്നേഹത്തോടെ വസിക്കുന്ന നമ്മുടെ നാടിന്റെ നന്മ നഷ്ടമാകാതിരിക്കാൻ നാം ജാഗ്രതയോടെ വർത്തിക്കണം.

നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ നിരവധി

യാണ്. 35 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലും മറ്റു അസംഘടിത സമൂഹങ്ങളിലുമായി അൻപതുലക്ഷത്തിലധികം വരുന്ന വിശ്വാസികൾ നമുക്കുണ്ട്. വൈദിക സമർപ്പിത ദൈവവിളികളാൽ സമ്പന്നമാണു നമ്മുടെ സഭ. നമ്മുടെ രൂപതകളിലും സംവിധാനങ്ങളിലും മാത്രമല്ല മറ്റു സഭകളിലും ലോകം മുഴുവനിലും ശുശ്രൂഷ ചെയ്യുന്ന വൈദികരും സമർപ്പിതരും നമ്മുടെ അഭിമാനമാണ്. മാനുഷികമായ പോരായ്മകളും സ്വഭാവരീതികളും പൗരോഹിത്യത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും ശോഭ നഷ്ടപ്പെടുത്താതെ ഫലപ്രദമായ ശുശ്രൂഷചെയ്യാൻ വൈദികരും സമർപ്പിതരും കൂടുതൽ ആത്മീയമായ കാഴ്ചപ്പാട് ഉള്ളവരാകണമെന്നു സഭ ആഗ്രഹിക്കുന്നു. പത്തുലക്ഷത്തോളംവരുന്ന കുടുംബങ്ങളാണു നമ്മുടെ സഭയുടെ ശക്തി. പ്രാർഥനയിലും സ്നേഹത്തിലും പരസ്പര ബഹുമാനത്തിലും രൂപപ്പെടുകയും വളരുകയുംചെയ്യുന്ന കുടുംബങ്ങൾക്കുമാത്രമേ കാലഘട്ടം ഉയർത്തുന്ന ശിഥിലീകരണത്തെ നേരിടാൻ സാധിക്കുകയുള്ളൂ.

നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും അവരുടെ വിശ്വാസജീവിതവും ദൈവം നമുക്കു നല്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളാണ്. യുവജനങ്ങളുടെ കൂടെനടക്കാനും ജീവിത സാഹചര്യങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അവരെ ശക്തരാക്കാനും നമുക്കു കഴിയേണ്ടതുണ്ട്. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും വിശ്വാസ പരിശീലനം സഭമുഴുവന്റെയും ഉത്തരവാദിത്വമായി കണക്കാക്കണം. ഈശോയെ നാഥനും രക്ഷകനുമായി സ്വന്തം ജീവിതത്തിൽ സ്വീകരിക്കാനും അതു മറ്റുള്ളവർക്കുമുൻപിൽ സാക്ഷ്യപ്പെടുത്താനും നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും ബോധ്യമുള്ളവരാകണം. വിശ്വാസപരിശീലനം ഈ ലക്ഷ്യം നേടുന്നതിനു പര്യാപ്തമാകേണ്ടിയിരിക്കുന്നു.

സാർവത്രികസഭയുടെ പ്രേഷിതസ്വഭാവം അതിന്റെ എല്ലാ തലങ്ങളിലും സ്വാംശീകരിക്കാൻ സീറോമലബാർസഭയെ ദൈവം ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ മിഷൻ രൂപതകളിലും മിഷൻപ്രദേശങ്ങളിലും ശുശ്രൂഷചെയ്യുന്നവരെ പ്രാർഥനയിൽ പ്രത്യേകം ഓർക്കണം. ഭാരതത്തിലെ പല അവികസിത മേഖലകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും ആതുരശുശ്രൂഷകളിലൂടെയും സാമൂഹ്യപ്രവർത്തനങ്ങളിലൂടെയും സ്നേഹവും കാരുണ്യവും പകർന്നുകൊടുത്തുകൊണ്ടു സാമൂഹ്യസേവനത്തിലേർപ്പെട്ടിരിക്കുന്നവർക്കെതിരേ അടിസ്ഥാന

രഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടു കേസുകളെടുക്കാനും സേവനമേഖലകളിൽനിന്നു അവരെ പുറത്താക്കാനും ജനോപകാര പ്രവർത്തനങ്ങളെ തടസപ്പെടുത്താനും നടത്തുന്ന സംഘടിതശ്രമങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ട്. ഇപ്രകാരം സുവിശേഷത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവരെയോർത്തു സഭമുഴുവനും പ്രാർഥിക്കണം. അവരുടെ പ്രവർത്തനങ്ങൾക്കു സാധ്യമായ എല്ലാ പിന്തുണയും നല്കേണ്ടതു നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നതു മറക്കാതിരിക്കാം.

നമ്മുടെ സമൂഹം മറ്റൊരു കുടിയേറ്റാനുഭവത്തിലൂടെ കടന്നു പോയ്ക്കൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിനും മികച്ച ജോലിസാധ്യതയ്ക്കും ഉയർന്ന ജീവിതനിലവാരത്തിനും വേണ്ടി നമ്മുടെ യുവജനങ്ങളും കുടുംബങ്ങളും വിദേശരാജ്യങ്ങളിലേക്കു കുടിയേറിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലുള്ള സീറോമലബാർ രൂപതകളും നാട്ടിലെ രൂപതകളുമായി യോജിച്ചുള്ള പ്രവർത്തനത്തിലൂടെ ഇത്തരം കുടുംബങ്ങളെയും വ്യക്തികളെയും അനുഗമിക്കാനും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാനും സാധിക്കണം. ചില സാഹചര്യങ്ങളിലെങ്കിലും വാഗ്ദാനം ചെയ്യപ്പെടുന്ന കോഴ്സുകളോ ജോലിയോ ശമ്പളമോ ലഭിക്കാതെ പ്രവാസികൾ വഞ്ചിതരാകുന്ന സംഭവങ്ങൾ ഉടലെടുക്കുന്നുണ്ട്. പന്ത്രണ്ടാം ക്ലാസു കഴിഞ്ഞയുടൻ വിദേശത്തേക്കു പോകാനുള്ള പ്രവണതയും കുടുംബങ്ങൾ വലിയ കടബാധ്യത എടുത്തുവച്ചു മക്കളെ വിദേശത്തേക്ക് അയക്കുന്ന സാഹചര്യവും വിശകലന വിധേയമാക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഉന്നതപഠനത്തിനും അതിനനുസൃതമായ ജോലിക്കുമുള്ള സ്വന്തം നാട്ടിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനും സാധിക്കണം.

സീറോമലബാർസഭയുടെ മുന്നിൽ ചക്രവാളത്തോളം വിശാലമായ സാധ്യതകളാണു ദൈവം തുറന്നുതരുന്നത്. സഭയുടെ ഏറ്റവും വലിയ മൂലധനം കൂട്ടായ്മയും വിശ്വാസവുമാണെന്ന സത്യം നാം വിസ്മരിക്കരുത്. ഏതൊരു വ്യക്തിസഭയുടെയും വളർച്ചയിൽ സഭാപാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും (resourcement) സമകാലികതയോടുള്ള തുറവിയും (aggiornamento) ഒരുപോലെ പ്രധാനമാണെന്ന വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ ദർശനം നമുക്കു വഴികാട്ടണം. പാരമ്പര്യവാദവും പുരോഗമനചിന്തയും പരസ്പരപൂരകങ്ങളാകയാൽ അവയെ ഭിന്നതയുടെ കാരണങ്ങളായി നാമാരും കാണരുത് വ്യത്യസ്ത ചിന്താഗതികളുള്ളവർ ചേരിതിരിഞ്ഞു സാമൂഹികമാധ്യമങ്ങളി

ലൂടെ പരസ്പരം അധിക്ഷേപിക്കുമ്പോൾ മുറിവേല്ക്കുന്നതു നമ്മുടെ കർത്താവിന്റെ ശരീരമായ തിരുസഭയ്ക്കാണെന്ന സത്യം നമുക്കു മറക്കാതിരിക്കാം.

വിശുദ്ധ കുർബാനയുടെ ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികളെക്കുറിച്ചു നിങ്ങൾക്കറിയാമല്ലോ. തിരുസഭാഗാത്രത്തിലെ ഈ മുറിവുണക്കാൻ നമുക്കെല്ലാവർക്കും ഒരുമിച്ചു പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ഈ വിഷയത്തിനു പരിഹാരം കാണാൻ പൊന്തിഫിക്കൽ ഡെലഗേറ്റായ ആർച്ചുബിഷപ്പ് സിറിൽ വാസിൽ പിതാവിനെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ പിതാവിനെയുമാണ് പരിശുദ്ധ സിംഹാസനം ചുമതലപ്പെടുത്തിയിരിക്കുന്നത്. സഭയിൽ ഐക്യം സംജാതമാക്കാൻ അവർ നടത്തുന്ന പരിശ്രമങ്ങളോടു എല്ലാവരും ആത്മാർഥമായി സഹകരിക്കണം. നമ്മുടെ കുർബാനക്രമത്തിന്റെ സിനഡു തീരുമാനിച്ച ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചു നല്കിയ ഉദ്ബോധനത്തിൽനിന്നു പിന്നോട്ടുപോകാൻ ആർക്കും സാധിക്കില്ല. കത്തോലിക്കാ കൂട്ടായ്മയിൽ നമ്മൾ നിലനില്ക്കുന്നതു പരിശുദ്ധ പിതാവിനോടു പൂർണമായ വിധേയത്വം പുലർത്തിക്കൊണ്ടാവണം.

പ്രിയപ്പെട്ടവരേ, സീറോമലബാർസഭയെ നയിക്കുക എന്ന ദൗത്യം ദൈവം എന്നെ ഭരമേല്പിക്കുമ്പോൾ നിങ്ങളുടെ പ്രാർഥനയിലും വിശ്വാസത്തിലും സ്നേഹത്തിലുമാണു ഞാൻ പ്രത്യാശവയ്ക്കുന്നത്. പ്രതിസന്ധികളുടെ നടുവിലൂടെ കടന്നുപോകുമ്പോഴും, ''അവിടന്നു തന്റെ കാരുണ്യം ഒരിക്കലും നമ്മിൽനിന്നു പിൻവലിക്കുന്നില്ല. വിപത്തുകൾകൊണ്ടു നമുക്കു ശിക്ഷണം നല്കുമെങ്കിലും അവിടന്നു സ്വജനത്തെ കൈവിടുന്നില്ല'' (2 മക്ക 6:16) എന്ന ആഴമായ വിശ്വാസം നമുക്കുണ്ടാവണം. ''നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കയാണു ചെയ്തത്'' (യോഹ 15:16) എന്ന ഈശോയുടെ വചനം നമുക്കു ബലം പകരുന്നു. ''നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്'' (1 തെസ 5:24) എന്ന വി. പൗലോസിന്റെ ആഴമായ ബോധ്യവും നമുക്കു കരുത്തേകട്ടെ. സാർവത്രിക സഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിൽ, പൗരസ്ത്യ വ്യക്തിസഭകളിലൊന്നായ സീറോമലബാർസഭയുടെ മക്കളായ

നമുക്ക് ഈ കാലഘട്ടം ആവശ്യ പ്പെടുന്ന വിശ്വാസസാക്ഷ്യം നല്കാൻ സ്നേഹത്തിലും ഐക്യത്തിലും വ്യാപരിക്കാം. നിങ്ങളെല്ലാവരെയും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യത്തിനും സമർപ്പിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു

2024-ാം ആണ്ട് ഫെബ്രുവരി മാസം 22-ാം തീയതി നല്കപ്പെട്ടത്.


**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

..................................................

N.B.: ഈ ഇടയലേഖനം 2024 മാർച്ച് 10-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# അഭിവന്ദ്യ പടിയറ പിതാവിന്റെ 24-ാം ചരമവാർഷികം

(മാർച്ച് 23)




മാർച്ച് 23-ാം തീയതി വൈകിട്ട് 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ ആന്റണി പടിയറ** പിതാവിനുവേണ്ടി വിശുദ്ധ കുർബാനയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# അഭിവന്ദ്യ വിതയത്തിൽ പിതാവിന്റെ 13 – ാം ചരമവാർഷികം

(ഏപ്രിൽ 1)



ഏപ്രിൽ 01-ാം തീയതി വൈകിട്ട് 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ വർക്കി വിതയത്തിൽ** പിതാവിനുവേണ്ടി വിശുദ്ധ കുർബാനയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. നമ്മുടെ എല്ലാ പള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# കച്ചേരിക്കാര്യം

## വിശുദ്ധ തൈലം

പള്ളികളിലേക്കുള്ള വിശുദ്ധ തൈലം ഓശാന കഴിഞ്ഞുള്ള ബുധനാഴ്ച മുതൽ അതിരൂപതാ കച്ചേരിയിൽനിന്നും ലഭിക്കുന്നതാണ്.

---

## അഭിനന്ദനങ്ങൾ



തിരുവനന്തപുരം കേരള സർവകലാശാലയിൽനിന്നും മലയാളസാഹിത്യത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹുമാനപ്പെട്ട വർഗീസ് (ലാൽ) തൊട്ടിയിൽ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

പ്രബന്ധം: "വിനിമയത്തിന്റെ തലങ്ങൾ സാഹിത്യത്തിലും സിനിമയിലും: ചിഹ്നവിജ്ഞാനീയത്തെ അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത സാഹിത്യകൃതികളെയും അതിന്റെ ചലചിത്ര ഭാഷ്യങ്ങളെയും കുറിച്ചുള്ള പഠനം"

## Secular Institute of Schoenstatt Fathers (ISch)

*Providence Region renamed as*

**Providence Province, Aluva**

| | |
|---|---|
| Provincial Superior | : Fr. Paul Panamkulam |
| Councillors | : Fr. Babu Kalathingal |
| | : Fr. Shajan Manickathan |
| | : Fr. Praise Ovumkamalil |
| | : Fr. Christo Antony Karakkattu |

പുനർനാമകരണം ചെയ്യപ്പെട്ട പ്രൊവിഡൻസ്
പ്രൊവിൻസിന്റെ സാരഥികൾക്ക് ആശംസകൾ!!!

---

## Congregation of the Holy Family (CHF)

**Jeevodaya Province, Aluva**

| | |
|---|---|
| Provincial Superior | : Sr. Maria Paul |
| Vicar Provincial | : Sr. Mary Therese |
| Councillors | : Sr. Leena Therese |
| | : Sr. Annlit |
| | : Sr. Alphonse Anto |
| Auditor | : Sr. Daya Mathew |
| Treasurer | : Sr. Rosilin Kachapilly |
| Secretary | : Sr. Sobel Maria |

## Deivadan Sisters (DDS), Malayattoor

| | | |
|---|---|---|
| Superior General | : | Sr. Minto |
| Asst. Superior General | : | Sr. Shoji |
| Councillors | : | Sr. Subha |
| | | Sr. Reji |
| | | Sr. Anna |
| General Procurator | : | Sr. Alphonsa |

## Daughters of the Sacred Hearts (DSH)

### Indian Province, Keezhmad

| | | |
|---|---|---|
| Provincail Superior | : | Sr. Shainy Muttathottil |
| Councillors | : | Sr. Angela Pallikkara |
| | : | Sr. Brigit Thekkemukalel |
| | : | Sr. Mercy Kurickal |
| | : | Sr. Jaya Vattavila |

## Sisters of the Destitute (SD)

### St. Mary's Province, Chunangamvely

| | | |
|---|---|---|
| Provincial Superior | : | Sr. Raisy Thaliyan |
| Vicar Provincial | : | Sr. Reesa Parackal |
| Councillors | : | Sr. Serena Akkoott |
| | : | Sr. Leena Grace Payyappilly |
| | : | Sr. Liss Maria Konathappally |
| | : | Sr. Anisha Arackal |
| | : | Sr. Rincy Koottala |

പുതുതായി തെരഞ്ഞെടുക്കപ്പെട്ട സാരഥികൾക്ക്
അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!

# വാർത്തകളും വിശേഷങ്ങളും



## പ്രോവിൻസ് കൂരിയ മീറ്റിംഗ്

എറണാകുളം-അങ്കമാലി അതിരൂപത പ്രോവിൻസ് കൂരിയ മീറ്റിംഗ് 2024 ഫെബ്രുവരി 27-ാം തീയതി ചൊവ്വാഴ്ച എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ നടന്നു. എറണാകുളം-അങ്കമാലി അതിരൂപതയുടെ സാമന്ത രൂപതകളാണ് കോതമംഗലവും, ഇടുക്കിയും. ഈ മൂന്ന് രൂപതകളിലെയും കൂരിയാംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപതാദ്ധ്യക്ഷനും മേജർ ആർച്ചുബിഷപ്പുമായ റാഫേൽ തട്ടിൽ പിതാവ് സന്ദേശം നൽകി. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ബോസ്കോ പുത്തൂർ, ബിഷപ് ജോർജ് മഠത്തികണ്ടത്തിൽ, ബിഷപ് ജോൺ നെല്ലിക്കുന്നേൽ എന്നീ പിതാക്കന്മാരും, വൈദീകരും സന്നിഹിതരായിരുന്നു. രാവിലെ 10.30-ന് ആരംഭിച്ച യോഗം വൈകിട്ട് 4.00 മണിക്ക് സമാപിച്ചു.

## കാർഡിനൽ ഫിലിപ്പ് നേരി ഫെറാവോ എഫ്. എ. ബി. സി. അധ്യക്ഷൻ

ഏഷ്യൻ മെത്രാൻ സംഘങ്ങളുടെ ഫെഡറേഷൻ (എഫ്.എ.ബി.സി.) അധ്യക്ഷനായി ഗോവ അതിരൂപതാധ്യക്ഷൻ കാർഡിനൽ ഫിലിപ്പ് നേരി ഫെറാവോയെ തെരഞ്ഞെടുത്തു. ഇന്ത്യയിലെ ലാറ്റിൻ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ (സി.സി.ബി.ഐ.) അധ്യക്ഷൻ ആണ് അദ്ദേഹം ഇപ്പോൾ. ജപ്പാനിലെ ടോക്കിയോ ആർച്ചുബിഷപ്പ് താർസിസ്യോ ഇസാവോ കിക്കുചിയാണ് സെക്രട്ടറി ജനറൽ.

## ഭരണഘടനയെ ഉയർത്തിപ്പിടിക്കണമെന്ന് രാഷ്ട്രീയ നേതാക്കളോട് സി.ബി.സി.ഐ.

നീതിയോടും സ്വാതന്ത്ര്യത്തോടും സമത്വത്തോടും സാഹോദര്യത്തോടും പ്രതിബദ്ധമായ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്കായി ഇന്ത്യയെ വിശേഷിപ്പിക്കുന്ന ഭരണഘടനയുടെ അടിസ്ഥാനഘടന സംരക്ഷിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തണമെന്ന് രാഷ്ട്രീയ നേതാക്കളോട് സി.ബി.സി.ഐ. അഭ്യർത്ഥിച്ചു. ഭരണഘടനാമൂല്യങ്ങളോട് പ്രതിബദ്ധതയുള്ളവരും ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവരും ആയ നേതാക്കളെ തിരഞ്ഞെടുക്കാൻ വോട്ടവകാശം ഉത്തരവാദിത്വപൂർവ്വം വിനിയോഗിക്കണമെന്ന് പൗരസമൂഹത്തോടും മെത്രാന്മാർ ആവശ്യപ്പെട്ടു.

രാജ്യത്തെ സമാധാനത്തിനും സൗഹാർദ്ദത്തിനും വേണ്ടിയുള്ള ഉപവാസ പ്രാർത്ഥന ദിനമായി മാർച്ച് 22 വെള്ളിയാഴ്ച എല്ലാ രൂപതകളിലും ആ ചരിക്കണമെന്നും 2024 ജനുവരി 31 മുതൽ ഫെബ്രുവരി 7 വരെ ബാംഗ്ലൂരിൽ ചേർന്ന സമ്മേളനത്തിൽ സി.ബി.സി.ഐ. അറിയിച്ചു.



# നിര്യാതരായി



## സി. മേരി തദേവൂസ് CMC

സെന്റ് ആൻസ് കോൺവെന്റ്, മുട്ടം, ചേർത്തല

| | | |
|---|---|---|
| ജനനം | : | 18-07-1930 |
| വ്രതവാഗ്ദാനം | : | 08-02-1949 |
| മരണം | : | 10-02-2024 |



## സി. ജെർമ്മയിൻ CMC

വിമല ഭവൻ, തൃക്കാക്കര.

| | | |
|---|---|---|
| ജനനം | : | 15-08-1940 |
| വ്രതവാഗ്ദാനം | : | 04-04-1966 |
| മരണം | : | 05-02-2024 |



## സി. കാർമ്മൽ CSC

സെന്റ് ആന്റണീസ് സദൻ, ഒളനാട്

| | | |
|---|---|---|
| ജനനം | : | 09-12-1927 |
| വ്രതവാഗ്ദാനം | : | 12-02-1952 |
| മരണം | : | 26-01-2024 |

# വിശ്വാസപരിശീലനകേന്ദ്രം

**1. ഇന്റൻസീവ് ബൈബിൾ കോഴ്സ്:** നമ്മുടെ അതിരൂപതയിലെ 28-ാമത് IBC യുടെ ഒരുക്കമായി അതിരൂപതാകേന്ദ്രം കുട്ടികൾക്കുള്ള Hand Book (LP, UP, HS) തരം തിരിച്ച് തയ്യാറാക്കിയിട്ടുണ്ട്. ഓരോ ദിവസവും ചെയ്യാനുള്ള ആക്റ്റിവിറ്റികളും മറ്റും ഉൾപ്പെടുത്തിയിട്ടുള്ള താണ് പാഠപുസ്തകം. ഈ പുസ്തകത്തിൽ എഴുതാനും വരയ്ക്കാനും പൂരിപ്പിക്കാനും മറ്റും ഉണ്ടായിരിക്കുന്നതാണ്. അതിനാൽ എല്ലാ കുട്ടി കൾക്കും പാഠപുസ്തകം ലഭ്യമാക്കുകയെന്നത് നിർബന്ധമായി കരുതുമല്ലോ.

വിശ്വാസപരിശീലനത്തിന്റെ ഭാഗമായിട്ടുള്ള വേനൽക്കാലാവധിയിലെ കാറ്റിക്കിസം പ്രോഗ്രാമായ IBC യുടെ അതിരൂപതാതലത്തിലുള്ള ഉദ്ഘാടനം 2024 മാർച്ച് 01-ാം തീയതി നിർവ്വഹിക്കുന്നതാണ്. IBC ഓരോ ഇടവകയുടെയും സാഹചര്യവും സമയവുമനുസരിച്ച് സജീവമായി നടത്താൻ ഇടവകകൾക്കുതന്നെ തീയതികളും സമയവും ക്രമീകരി ക്കാം. 2024 ഏപ്രിൽ 1 മുതൽ 6 വരെയാണ് അതിരൂപത നിശ്ചയിച്ചിരി ക്കുന്ന തീയതികൾ. അവധിക്കാലത്തെ ഞായറാഴ്ചകളിൽ IBC സംഘടിപ്പിച്ചാലും മതി. IBC ക്യാമ്പിനും ധ്യാനത്തിനും പകരമല്ല. വിശ്വാസപരിശീലനത്തിന്റെ ഭാഗമാണ് IBC എന്ന കാര്യം അറിയാമല്ലോ.

**2. പരീക്ഷാഫലം:** X, XII ക്ലാസ്സുകളിലെ പരീക്ഷയുടെ ഫലങ്ങൾ ഫെബ്രുവരി 24-ാം തീയതി ശനിയാഴ്ച ഓൺലൈനിൽ പ്രസിദ്ധീകരിച്ചു.

**3. വിശ്വാസപരിശീലകർക്ക് ഒരു വഴികാട്ടി:** എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലനകേന്ദ്രം 'വിശ്വാസപരിശീലകർക്ക് ഒരു വഴികാട്ടി' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഈടുറ്റ 15 ലേഖനങ്ങളുടെ സമാഹാരമായ ഈ ഗ്രന്ഥം ഇപ്പോൾ നമ്മുടെ അതിരൂപതയിൽ വിശ്വാസപരിശീലനരംഗത്ത് ശുശ്രൂഷ ചെയ്യുന്ന എല്ലാ വികാരിയച്ച ന്മാർക്കും കൊച്ചച്ചന്മാർക്കും വിശ്വാസപരിശീലകർക്കും ലഭ്യമാക്കി.

4. **ഉപപാഠപുസ്തകങ്ങൾ:** 2023-2024 അദ്ധ്യയനവർഷത്തിൽ പുതിയതായി തയ്യാറാക്കിയ ഉപപാഠപുസ്തകങ്ങൾ: 4-ാം ക്ലാസ്സ് 'വളരാം ഈശോയ്ക്കൊപ്പം', 6-ാം ക്ലാസ്സ് 'ഹരിത കാറ്റിക്കിസം' (Green Cat), 7-ാം ക്ലാസ്സ് 'കൗമാരം വളർച്ചയുടെ പാതയിൽ' (Teens- Know Yourself), 8-ാം ക്ലാസ്സ് 'പ്രശോഭിതയായ എറണാകുളം-അങ്കമാലി മേജർ അതിരൂപത', 9-ാം ക്ലാസ്സ് 'വിശുദ്ധ കുർബാന ക്രിസ്തു സാന്നിധ്യത്തിന്റെ മഹാരഹസ്യം'. അഞ്ച് പുസ്തകങ്ങളാണ് ഈ വർഷം പ്രസിദ്ധീകരിച്ച് നൽകിയത്.

5. **Text Book Order:** ഓരോ ക്ലാസ്സിലേയ്ക്കും ആവശ്യമായ കാറ്റിക്കിസം പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ഏപ്രിൽ 05-ാം തീയതിക്ക് മുൻപായി അതത് ഫൊറോന സെക്രട്ടറി സിസ്റ്റർമാരുടെ പക്കൽ ഏല്പിക്കുമല്ലോ. Moral Science Text, Holy Communion Text (Malayalam & English), Pocket Bible, നമസ്ക്കാരങ്ങൾ, കുടുംബപ്രാർത്ഥനകൾ, Basic Catholic Prayers, Little Catechism 303 Questions & Answers എന്നീ പുസ്തകങ്ങളുടെയും ഓർഡർ നൽകുന്നതും അഭികാമ്യം. ഈ വർഷം 5-ാം ക്ലാസ്സിലെ കുട്ടികൾക്ക് വിശുദ്ധരിലൂടെ ഈശോയിലേക്ക് എന്ന ഉപപാഠപുസ്തകം തയ്യാറാക്കി നൽകുന്നതാണ്.

6. **സ്പർശ് പ്രോഗ്രാം:** ഏപ്രിൽ 19, 20, 21 തീയതികളിൽ (വെള്ളി, ശനി, ഞായർ) സ്പർശ് പ്രോഗ്രാം XI-ാം ക്ലാസ്സിലെ ലീഡേഴ്സിനായി ചുണങ്ങംവേലി നിവേദിതയിൽ നടത്തുന്നു. വിവിധ ചർച്ചകൾ, ക്വിസ് പ്രോഗ്രാം, ഗ്രൂപ്പ് ആക്റ്റിവിറ്റികൾ, എഴുത്തുമത്സരങ്ങൾ, ഇൻട്രാക്റ്റീവ് സെഷനുകൾ, പ്രസംഗം എന്നിവയിലൂടെ കുട്ടികളിലെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ, ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ്, സന്നദ്ധത, സഭയോടുള്ള കാഴ്ചപ്പാട്, നേതൃത്വ പാടവം, സാഹചര്യങ്ങളെ നേരിടാനുള്ള കാര്യക്ഷമത, മറ്റുള്ളവരെ ഉൾക്കൊള്ളാനുള്ള തുറവി ഇവയാണ് സ്പർശിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഓരോ ഇടവകയിൽനിന്നും 2 കുട്ടികളെ കണ്ടെത്തി സ്പർശ് പ്രോഗ്രാമിനായി പറഞ്ഞുവിടാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

7. **YouTube - Silver Play Button:** എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ catechismernakulam എന്ന YouTube ചാനലിന് ഒരു ലക്ഷം Subscribers -നെ ലഭിച്ചുകൊണ്ട് YouTube ന്റെ Silver Play Button ലഭിച്ചു. ഈ ചാനൽ Subscribe ചെയ്ത് പ്രോത്സാഹിപ്പിച്ച എല്ലാവർക്കും പ്രത്യേകം നന്ദി!

8. **അവാർഡ് ദാനം:** 2024-25 അദ്ധ്യയനവർഷത്തിൽ നാലാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ മുടങ്ങാതെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ സ്കോളർഷിപ്പ് കരസ്ഥമാക്കിയ കുട്ടികൾക്ക് Mar Joseph Cardinal Parecattil Catechism Star of Excellence എന്ന പേരിൽ ആദരിക്കുന്നതാണ്. ഓരോ ഇടവകയിലും അർഹതയുള്ള കുട്ടികളുടെ പേര് Verify ചെയ്തതിനുശേഷം വികാരിയച്ചന്റെ അംഗീകാരത്തോടെ 2024 ഏപ്രിൽ 10-ാം തീയതിയ്ക്ക് മുമ്പായി അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

9. **ആദരവ്:** 12 വർഷം (2011-2024) ഞായറാഴ്ചകളിൽ മുടങ്ങാതെ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികളെ അതിരൂപത Archbishop Augustine Kandathil Catechism Golden Star എന്ന പേരിൽ ആദരിക്കുന്നതാണ്. ഓരോ ഇടവകയിലും അർഹതയുള്ള കുട്ടികളുടെ പേര് Verify ചെയ്തതിനുശേഷം വികാരിയച്ചന്റെ അംഗീകാരത്തോടെ 2024 ഏപ്രിൽ 10-ാം തീയതിയ്ക്ക് മുമ്പായി അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കുമല്ലോ. അതിരൂപതാതലത്തിൽനിന്നും നൽകിയിട്ടുള്ള IBC ബുക്കുകൾ ലഭ്യമാക്കി IBC നടത്തിയ യൂണിറ്റുകളിലെ കുട്ടികളുടെ ഹാജറും പരിഗണിക്കുന്നതാണ്.

10. **അഗാപ്പെ:** ഒന്ന് മുതൽ ഒൻപതുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച അഗാപ്പെ നടത്തി. അഗാപ്പെ നടത്താത്ത ഇടവകകൾ ഏറ്റവും അടുത്തുവരുന്ന ഞായറാഴ്ചകളിൽ കുട്ടികളെ ഒരുമിച്ചുകൂട്ടുമല്ലോ.

11. **വിശ്വാസപരിശീലകരുടെ കൺവെൻഷൻ:** ഇടപ്പള്ളി ഫൊറോനയിലെ വിശ്വാസപരിശീലകരുടെ കൺവെൻഷൻ തൃക്കാക്കര ഭാരതമാതാ കോളേജ് ഓഡിറ്റോറിയത്തിലും കാഞ്ഞൂർ ഫൊറോന

യിലെ വിശ്വാസപരിശീലകരുടെ കൺവെൻഷൻ കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിലും 2024 ഫെബ്രുവരി 25 ഞായറാഴ്ച ഉച്ചയ്ക്ക്ശേഷം 2.00 മണി മുതൽ വൈകീട്ട് 5.00 മണി വരെ നടന്നു.

12. **സംസ്ഥാനതല സന്മാർഗബോധന സ്കോളർഷിപ്പ് പരീക്ഷ:** 4, 7, 10, 12 റഗുലർ ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷ 2024 ഫെബ്രുവരി 10 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ 12 സെന്ററുകളിൽ നടത്തി.

13. **വാർഷിക പരീക്ഷ:** ഒന്നാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ പരീക്ഷ 2024 ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ അതത് ഇടവകകളിൽ നടത്തി.

14. **പുനഃപരീക്ഷ:** X, XI, XII ക്ലാസ്സുകളിലെ കുട്ടികളുടെ പുനഃപരീക്ഷ ഫെബ്രുവരി 25 ഞായറാഴ്ച അതത് ഫൊറോനാകേന്ദ്രങ്ങളിൽ നടത്തി. രാവിലെ 10.30 മണി മുതൽ 12.30 മണി വരെ ഒന്നാം സെമസ്റ്ററും ഉച്ചയ്ക്ക്ശേഷം 02.00 മണി മുതൽ 04.00 മണി വരെ രണ്ടാം സെമസ്റ്ററും 16 സെന്ററുകളിൽ നടത്തി.

15. **ഓഫീസ് അവധി:** മാർച്ച് 27, 28, 29, 30, 31 ദിവസങ്ങളിൽ കാറ്റിക്കിസം ഓഫീസിന് അവധിയാണ്.

പരീക്ഷകളുടെ സുഗമമായ നടത്തിപ്പിന് ഫൊറോന ഡയറക്ടർ അച്ചന്മാർ, വികാരിയച്ചന്മാർ, ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സ്, പ്രൊമോട്ടേഴ്സ്, പ്രധാനാധ്യാപകർ, വിശ്വാസപരിശീലകർ, മാതാപിതാക്കൾ എന്നിവർ ചെയ്ത എല്ലാ സഹായസഹകരണങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

## 2024 മാർച്ച് – ഏപ്രിൽ

### വിവാഹഒരുക്ക ധ്യാനം (MPR)

മാർച്ച് 04-06 (കലൂർ)
മാർച്ച്12-14 (കാലടി)
മാർച്ച് 16-18 (കാലടി)
മാർച്ച് 22-24 (ചേർത്തല, നൈപുണ്യ)
മാർച്ച് 25-27 (കാലടി)

ഏപ്രിൽ 02-04 (കാലടി)
ഏപ്രിൽ 08-10 (കലൂർ)
ഏപ്രിൽ 16-18 (കാലടി)
ഏപ്രിൽ 22-24 (കലൂർ)
ഏപ്രിൽ 30-02(കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ദമ്പതി ധ്യാനം** (Contact: 8078334522)
മാർച്ച് 07-10

**പാരന്റിംഗ് ധ്യാനം**
ഏപ്രിൽ 26-28

**വിധവാ ധ്യാനം** (Contact: 9400929111)
മാർച്ച് 22-24

**കുടുംബ ധ്യാനം (ഇടവകതലം)**
മാർച്ച് 25-27 നീണ്ടൂർ

### അറിയിപ്പ്

കുട്ടികളുടെ ആദ്യ കുർബാന സ്വീകരണത്തോടനുബന്ധിച്ച് വികാരിയച്ചന്മാർ ആവശ്യപ്പെടുന്നപക്ഷം ഇടവകകളിൽ മാതാപിതാക്കൾക്കുവേണ്ടി പാരന്റിംഗ് സെമിനാർ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

ഫെബ്രു. 03 സഹൃദയ വെസ്കോ ക്രെഡിറ്റ്

ഫെബ്രു. 05 വെൽഫെയർ സർവ്വീസസ്, എറണാകുളം

ഫെബ്രു. 19 ഭാരത മാതാ കോളേജ് എഡ്യുക്കേഷണൽ ട്രസ്റ്റ്

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

ജനു. 30 ഭാരത മാതാ കോളേജ്, തൃക്കാക്കര

ജനു. 31 നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി

ഫെബ്രു. 01 ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി

ഫെബ്രു. 02 നൈപുണ്യ കോളേജ്, പൊങ്ങം

ഫെബ്രു. 07 ജിയോ സെന്റർ, ചക്കരപ്പറമ്പ്

ഫെബ്രു. 09 നൈപുണ്യ കോളേജ്, പൊങ്ങം

ഫെബ്രു. 12 ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി

ഫെബ്രു. 15 ജിയോ സെന്റർ, ചക്കരപ്പറമ്പ്

ഫെബ്രു. 23 1. നിവേദിത, ചുണങ്ങംവേലി
2. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947**

- **Overseas Education**

  For Plus Two Students
  Study in Your dream destinations: Nursing, Engineering (all streams), Health, Social Work and many more

- Applications open for New Zealand & Australia (July & November 2024 intake)
- Germany - Au pair, FSJ, Ausbildung
- IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു.
- സ്പോക്കൺ ഇംഗ്ലീഷ് അവധിക്കാല കോഴ്സ് ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നതാണ്. അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഏപ്രിൽ മാസത്തിലും 11-ാം ക്ലാസ്സ് മുതലുള്ളവർക്ക് മെയ് മാസത്തിലും ക്ലാസ്സ് ഉണ്ടായിരിക്കും. താല്പര്യമുള്ളവർ മാർച്ച് മാസത്തിൽ ബുക്ക് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 9072919144**

- ഇറ്റാലിയൻ കോഴ്സ് (B1, B2) മാർച്ച് മാസം ആരംഭിക്കും
- സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ, NICSA

ക്ലാസ്സുകൾ തുടരുന്നു (2023-2024)
- KAS കോച്ചിംഗ് ക്ലാസ്സിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2023-2024)
- സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ

### 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- UGC NET/JFR PAPER I & PAPER II (Batch for 2024 June exam)
- BANK (IBPS, PO, CLERK, SO) (new admission all Mondays)
- SSC (CGL, CHSL, MTS) (new admission all Mondays)
- C-MAT, K-MAT (admission for next Exam)
- PSC - LDC 2024 (new admission all Mondays)
- IELTS - Regular class (all Mondays new batch)
- PTE (Pearson Test of English) (all Mondays new batch)
- Tuition for Std. 8, 9, 10 classes (Science & Maths)
- SET (Regular class)

### 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

### 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്

എറണാകുളം-അങ്കമാലി അതിരൂപത ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഇടവക നവീകരണ ധ്യാനം - ഈശോസ്പർശം - ധ്യാനത്തിന് ഒരുക്കമായി ഹോം മിഷൻ എന്നിവ നടത്തുന്നു. ഈ ശുശ്രൂഷകൾ നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുക: ഓഫീസ്: 9946737160, റവ. ഫാ. സനു പുതുശേരി, അസിസ്റ്റന്റ് ഡയറക്ടർ (9744555662).

## മാർച്ച് മാസത്തിലെ ധ്യാനങ്ങൾ

| | |
|---|---|
| 4 - 6 | പൊതിയക്കര |
| 7 - 9 | ഇരുമ്പനം |
| 10 - 13 | അങ്കമാലി ബസിലിക്ക പള്ളി |
| 15 - 17 | മുപ്പത്തടം |
| 18 - 20 | മള്ളുശ്ശേരി |
| 21 - 23 | കാട്ടൂർ (ആലപ്പുഴ രൂപത) |
| 25 - 26 | നെടുമ്പ്രക്കാട് |
| 25 - 27 | കൊരട്ടി |

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ (9847336829)**

# Department of Bible Apostolate

## ബൈബിൾ പകർത്തിയെഴുത്ത് 2024

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ 2024 മാർച്ച് 17 മുതൽ ഡിസംബർ 22 വരെ ബൈബിൾ പകർത്തിയെഴുത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന നാളുകളാണ്. പകർത്തിയെഴുതിയ ബൈബിൾ ഡിസംബർ 22 ഞായറാഴ്ചയ്ക്കകം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

മൂന്ന് വിഭാഗമായിട്ടാണ് സംഘടിപ്പിക്കേണ്ടത്

**1. വ്യക്തിഗതം** **2. കുടുംബം** **3. സ്ഥാപനം**

- പുതിയനിയമം മുഴുവനും എഴുതണം
- ഓരോ പുസ്തകത്തിന്റെയും ആമുഖം എഴുതണം
- അടിക്കുറിപ്പുകൾ എഴുതേണ്ടതില്ല
- അവസാനത്തെ ഒരു പേജ് വ്യക്തിപരമായ പങ്കുവയ്ക്കലും പേരും സ്ഥലവും
- ക്രമീകരണങ്ങൾ
- A3 പേപ്പറിൽ ബൈൻഡിംങ് വരുന്ന വശത്ത് മാർജിൻ 4.5 C.M, ബാക്കി മൂന്ന് വശത്തും (താഴെ, മുകളിൽ, വലതുവശത്ത്) 1 C.M. വീതം മാർജിൻ.
- ഒരു സെൻറീമീറ്റർ അകലത്തിൽ 39 ലൈനുകൾ 23.5 ഇ.ങ. വീതിയിൽ വരുന്ന തരത്തിൽ ക്രമപ്പെടുത്തണം.

ഓരോ പുസ്തകത്തിന്റെയും പേരെഴുതാൻ ഒരു പേജ് വരകളില്ലാതെ കരുതുക. ഇത്തരത്തിൽ 1500 പേപ്പറുകൾ 80gsm പേപ്പറിൽ പ്രസ്സിൽ തയ്യാറാക്കുന്നതിന് 3000 രൂപയാണ് ചിലവ് വരിക.

ബൈൻഡിംഗ് ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കും. ആവശ്യമുള്ളവർ നേരത്തെതന്നെ ഓർഡർ ചെയ്യേണ്ടതാണ്.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ (9847336829)**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

SAHRUDAYA

### സ്തനാർബുദ സാധ്യതാ പരിശോധനാ പദ്ധതി

സഹൃദയ നടപ്പാക്കി വരുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ, വി ഗാർഡിന്റെ സഹകരണത്തോടെ ആശാദീപം എന്ന പേരിൽ കൊച്ചി ഡി ലാബ് സുമായി സഹകരിച്ച് ആയിരം വനിതകൾക്ക് സ്തനാർബുദ സാധ്യതാ നിർണയ പരിശോധന സംഘടിപ്പിക്കുന്നു. ക്യാമ്പിന്റെ അതിരൂപതാതല ഉദ്ഘാടനം ശ്രീമൂലനഗരം രാജഗിരി ക്രൈസ്റ്റ് ദി കിംഗ് ചർച്ച് പാരീഷ് ഹാളിൽ ലോക കാൻസർ ദിനാചരണത്തോടനുബന്ധിച്ചു നടത്തി. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. സഹൃദയ, കൊച്ചി ഡി ലാബ്സുമായി സഹകരിച്ച് നടപ്പാക്കുന്ന ആശാദീപം സ്തനാർബുദ സാധ്യത പരിശോധന ക്യാമ്പ് കടവന്ത്ര, ചെറായി, തദേവസ്പുരം, കരുമാലൂർ, തോട്ടുവ, കൊരട്ടി, എഴുപുന്ന, തോപ്പിൽ, അച്ചിനകം, മൂക്കന്നൂർ എന്നിവിടെ സംഘടിപ്പിച്ചു.

### ജെ.എൽ.ജി. ഗ്രൂപ്പ് രൂപീകരണം

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി. കറുകുറ്റി, അമ്പുനാട്, അയ്യമ്പുഴ, വിമലഗിരി, ഇല്ലിത്തോട്, കാതിക്കുടം, തോട്ടുവ, കൊടുശ്ശേരി, പുളിയനം, കുറുമശ്ശേരി, കടമക്കുടി, ന്യൂ കുത്തിയതോട്, കുറ്റിപ്പാറ, കൂടാലപ്പാട്, തോട്ടകം, മാണിക്യമംഗലം, താന്നിപ്പുഴ, വിജോപുരം, ചേരാനല്ലൂർ, മൂക്കന്നൂർ, തലയോലപ്പറമ്പ്, സെബിപുരം, അമലാപുരം, അട്ടാറ, കൂടാലപ്പാട്, ചെറായി, കറുകുറ്റി മൊണാസ്ട്രി, കൊളങ്ങായി, ചുള്ളി, സെബിപുരം ആരക്കുന്നം, നടുവട്ടം, മഞ്ഞപ്ര, അശോകപുരം എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

### ഹരിതകർമ സേനയ്ക്ക് പരിശീലനം

എറണാകുളം ജില്ലയിലെ തിരുമാറാടി, ഇലഞ്ഞി, പാലക്കുഴ, പാമ്പാക്കുട, രാമമംഗലം, ചെല്ലാനം, കുമ്പളങ്ങി, കുമ്പളം, മുളവുകാട്, കടമക്കുടി, എളംകുന്നപ്പുഴ, ഇടുക്കി ജില്ലയിലെ കുമാരമംഗലം, ഇടവെട്ടി, പുറപ്പുഴ, കരിംകുന്നം, മുട്ടം, മണക്കാട്, കുടയത്തൂർ,

അറക്കുളം പഞ്ചായത്തുകളിലെ ഹരിതകർമസേനയ്ക്ക് കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ത്രിദിന പരിശീലനം നൽകി.

**സ്വയം സഹായ സംഘങ്ങളുടെ വാർഷികം**

രാജഗിരി, മാമ്പ്ര, ഇല്ലിത്തോട്, സൗത്ത് പറവൂർ, മള്ളുശ്ശേരി ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

**ജെ.എൽ.ജി. കൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ.എൽ.ജി. കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക്) ജനുവരി മാസത്തിൽ സ്വയം തൊഴിൽ വിപുലീകരണത്തിനായി 98,60,000/ രൂപയും ഫെബ്രുവരി മാസത്തിൽ 72,10,000/ രൂപയും ലോൺ നൽകി.

**രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു**

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ബ്ലഡ് ബാങ്കിന്റെ സഹകരണത്തോടെ സഹൃദയ വൈക്കം വെൽഫെയർ സെന്ററിൽ സന്നദ്ധ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

**വുമൺ എൻപവർമെന്റ് ക്ലാസ്സ് സംഘടിപ്പിച്ചു**

സഹൃദയ, കോൺഫെറൻസാ എപിസ്കോപ്പൽ ഇറ്റാലിയനുമായി സഹകരിച്ച് നടപ്പാക്കുന്ന പ്രോജക്റ്റിന്റെ ഭാഗമായി സ്ത്രീ ശാക്തീകരണം, ബിസിനസ് ഡെവലപ്മെന്റ് എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് തോട്ടുവ, സൗത്ത് പറവൂർ, മള്ളുശ്ശേരി, ശാന്തിപുരം വില്ലേജുകളിൽ സംഘടിപ്പിച്ചു.

**ശാക്തീകരണ ക്ലാസ്സും, പുതിയ സംഘംരൂപീകരണവും**

പനങ്ങാട് ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്കുവണ്ടി ശാക്തീകരണ ക്ലാസ്സും, പുതിയ സംഘം രൂപീകരിക്കലും സംഘടിപ്പിച്ചു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 48 സംഘങ്ങളിലെ 327 അംഗങ്ങൾക്ക് സ്വയംതൊഴിൽ വിപുലീകരണത്തി

നായി 2024 ഫെബ്രുവരി മാസത്തിൽ 1,87,60,000/ രൂപ വായ്പയായി വിതരണം ചെയ്തു.

**സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും**
സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയുടെ സഹകരണത്തോടെ തേവക്കൽ പാരീഷ് ഹാളിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും സംഘടിപ്പിച്ചു.

**കൂൺ കൃഷി പരിശീലനം**
ശാന്തിപുരം വില്ലേജിൽ പ്രവർത്തിക്കുന്ന സംഘാംഗങ്ങൾക്കായി സെന്റ് തോമസ് ചർച്ച് പാരിഷ് ഹാളിൽവച്ച് കൂൺ കൃഷിയെക്കുറിച്ചുള്ള ക്ലാസ്സ് നടത്തി.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

---

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

**ജനുവരി 2024**

31 മുതൽ ഫെബ്രുവരി 07 വരെ ബാംഗ്ളൂരിൽ നടന്ന സി.ബി.സി.ഐ. യോഗത്തിൽ പങ്കെടുത്തു.

**ഫെബ്രുവരി 2024**

08 രാവിലെ കീഴ്മാട് ഡൊറോത്തിയൻ സന്യാസിനീ സമൂഹത്തിലെ അഞ്ച് നവസന്യാസിനിമാരുടെ പ്രഥമവ്രതവാഗ്ദാന കർമ്മത്തിലും സഭാവസ്ത്രസ്വീകരണകർമ്മത്തിലും കാർമികത്വം വഹിച്ചു.
വൈകുന്നേരം കലൂർ റിന്യൂവൽ സെന്ററിന്റെ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു.

11 രാവിലെ ആലുവ സി.എം.സി. ജനറലേറ്റിൽ ദിവ്യബലി അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് ചേർത്തല മുട്ടം മഠത്തിൽ സി. മേരി തദേവൂസ് സി. എം. സി. യുടെ മൃതസംസ്കാരകർമ്മങ്ങളുടെ അവസാന ഭാഗത്ത് കാർമ്മികത്വം വഹിച്ചു.

12 രാവിലെ മേലമ്പാറ എം. എസ്. ടി. ജനറലേറ്റിൽ (ദീപ്തിഭവൻ) വൈദികരത്നം ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തുരുത്തേൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു.
ഉച്ചകഴിഞ്ഞ് വിജയപുരം രൂപതയുടെ പുതിയ സഹായമെത്രാൻ ബിഷപ് ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപറമ്പിലിന്റെ മെത്രാഭി ഷേകകർമ്മത്തിൽ പങ്കെടുത്തു.

13 രാവിലെ അരമനയിൽ നടന്ന ആലോചനാസമിതിയോഗ ത്തിലും ഉച്ചകഴിഞ്ഞ് ഫൊറോനാവികാരിമാരുടെ യോഗത്തിലും പങ്കെടുത്തു.

14 രാവിലെ അരമന ചാപ്പലിൽ വിഭൂതിയുടെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.
വൈകിട്ട് അതിരൂപതയിലെ ഡീക്കന്മാരുടെ മാസധ്യാനത്തിന് സന്ദേശം നൽകി.

18 വൈകിട്ട് കുറ്റിപ്പുഴ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ ശതോ ത്തരരജതജൂബിലി (125-ാം വാർഷികം) സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

21 രാവിലെ കലൂർ റിന്യൂവൽ സെന്ററിൽ നടന്ന അതിരൂപതാ പ്രസ്ബിത്തേരിയത്തിൽ അധ്യക്ഷത വഹിച്ചു.
വൈകിട്ട് പെരുമ്പാവൂർ സാൻജോ മഠത്തിൽ സി. സ്നേഹ എഫ്. സി. സി. യുടെ മൃതസംസ്കാരകർമ്മങ്ങളുടെ അവസാന ഭാഗത്ത് കാർമ്മികത്വം വഹിച്ചു.

23 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

24 വൈകുന്നേരം അതിരൂപതാകുടുംബപ്രേഷിതകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ദമ്പതികൾക്കുവേണ്ടി ചുണങ്ങംവേലി നിവേദി

തയിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു.
ഒന്നാം വർഷ അതിരൂപതാവൈദികവിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

25 രാവിലെ കിഴക്കമ്പലം ഫൊറോന ഇടവകയിൽ പുതുക്കിപ്പണിയുന്ന ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് റിന്യൂവൽ സെന്ററിൽ കെ. സി. വൈ. എം. യുവജനവർഷാഘോഷത്തോടനുബന്ധിച്ചുള്ള ലോഗോ പ്രകാശനം ചെയ്തു.
വൈകുന്നേരം ചേർത്തല-മുട്ടം ഫൊറോനാപ്പള്ളിയുടെ സഹസ്രാബ്ദിസ്മാരകമായ മില്ലേനിയം സെന്റർ (പാരിഷ് ഹാൾ) ഉദ്ഘാടനം ചെയ്ത് വെഞ്ചരിച്ചു. മുട്ടം പള്ളിയിലെ റസിഡന്റ് പ്രീസ്റ്റ് ആയ ബഹുമാനപ്പെട്ട ജോസ് പാലത്തിങ്കൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിലും പങ്കുചേർന്നു.

27 എറണാകുളം അരമനയിൽ നടന്ന എറണാകുളം-അങ്കമാലി അതിരൂപതയുടെയും, സാമന്തരൂപതകളായ കോതമംഗലം, ഇടുക്കി എന്നീ രൂപതകളുടെയും കൂരിയകളുടെ സംയുക്ത യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവും അഭിവന്ദ്യ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവും അഭിവന്ദ്യ ജോൺ നെല്ലിക്കുന്നേൽ പിതാവും സന്നിഹിതരായിരുന്നു.

വൈകുന്നേരം കിടങ്ങൂരിൽ ബഹുമാനപ്പെട്ട പോൾ കല്ലൂക്കാരനച്ചന്റെ സഹോദരന്റെ മൃതസംസ്കാരകർമ്മങ്ങളുടെ സമാപനശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

* * * * *


Statement about Ownership and other Particulars
about Newspaper **ERNAKULAM MISSAM**

| | | | |
|---|---|---|---|
| 1. | Place of publication | | Ernakulam |
| 2. | Periodicity of its publication | | Monthly |
| 3. | Printer's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 4. | Publisher's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 5. | Editor's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 6. | Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital | | Archbishop of Ernakulam Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |

I, Fr. Biju Varghese, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

Date: 01/03/2024


ST. EUPHRASIA ELUVATHINGAL
1877 - 1952

RNI No. 3421/57
Date of Publication: 01-03-2024
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.